**QP CODE**
**T5063**

**Enrollment Number: ………………**

**Name: ………………………………**

# MA DEGREE EXAMINATIONS, MAY 2024

## First Semester

## M.A. Malayalam Language and Literature

## M21ML03DC- ഗദ്യം-കഥാസാഹിത്യം

## (2023 July Admissions)

**Time: 3 Hours** **Max Marks: 70**

## SECTION - A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. നോവൽ എന്ന സാഹിത്യരൂപത്തിന്റെ വികാസത്തിന് വഴിതെളിച്ച സാമൂഹ്യസാഹചര്യങ്ങൾ എന്തെല്ലാം?
2. നോവൽ എന്ന സാഹിത്യരൂപത്തെ പാശ്ചാത്യരും പൗരസ്ത്യരും എങ്ങനെയെല്ലാമാണ് നിർവ്വചിച്ചിരിക്കുന്നത്?
3. സ്വപ്നങ്ങൾ തച്ചുടയ്ക്കപ്പെട്ട്, ജീവിതം ഇരുട്ടിലായിപ്പോയ അനേകം സ്ത്രീകളുടെ പ്രതിനിധിയായി മലമുകളിലെ അബ്ദുല്ലയിലെ ബീവി മാറുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക?
4. വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാരചനാരീതിയുടെ സവിശേഷതകൾ വ്യക്തമാക്കുക.
5. കഥയുടെ ക്രാഫ്റ്റിൽ അതീവ ശ്രദ്ധ പുലർത്തുന്ന എസ്. ഹരീഷിന്റെ കഥകളുടെ രചനാപരമായ സവിശേഷതകൾ എന്തൊക്കെയാണ്?
6. 'ഉദ്വേഗജനകമായ ക്രിയകളുടെ സംവിധാനചാരുതയിലൂടെ ആസ്വാദകമാനസങ്ങളിൽ സർഗാ ത്മകമായ അസ്വാസ്ഥ്യം വിതയ്ക്കുന്ന 'മരുഭൂമികൾ ഉണ്ടാകുന്നത് ' എന്ന നോവൽ സമകാലികമായ മനുഷ്യാവസ്ഥയുടെ വിപൽക്കരമായ നീക്കങ്ങളെക്കുറിച്ച് മാനവരാശിക്ക് മഹത്തായ മുന്നറിയിപ്പ് നൽകുന്നു.' - വിലയിരുത്തുക.
7. ദലിത് ജനവിഭാഗങ്ങളുടെ ജീവിതാവസ്ഥകളെ കേന്ദ്രപ്രമേയമാക്കിക്കൊണ്ട് രചിക്കപ്പെട്ട ആദ്യകാല മലയാള നോവലുകളേതെല്ലാം? ആ നോവലുകൾ ചർച്ചചെയ്ത ദളിതവസ്ഥകളുടെ സാമാന്യസ്വഭാവം എന്തായിരുന്നു?

8. 'ചാവുതുള്ളൽ' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

**(2×5=10)**

## SECTION – B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെയും എം.പി. പോളിന്റെയും കേസരിയുടെയും ഇടപെടലുകൾ എഴുത്തുകാരെ സ്വാധീനിച്ചതെങ്ങനെ?
10. 'അത്യന്തം ഹൃദയസ്പർശിയായ പ്രേമകഥയും ശക്തമായ സാമൂഹിക-സാമുദായിക നോവലും ദാർശനികഗാംഭീര്യമുള്ള ഒരു മനോവിജ്ഞാനീയാധിഷ്ഠിത കൃതിയുമാണ് ഉമ്മാച്ചു.' - വിലയിരുത്തുക.
11. 'പ്രമേയപരമായി ഖസാക്ക് മലയാളസാഹിത്യത്തിൽ നടത്തിയ വിപ്ലവമായിരുന്നു ഭാഷാപരമായ വിപ്ലവത്തേക്കാൾ മാരകം. ' - സമർത്ഥിക്കുക.
12. ടി. ഡി. രാമകൃഷ്ണന്റെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' നോവലിന്റെ രചനാപരമായ സവിശേഷതകൾ വ്യക്തമാക്കുക.
13. കെ.ആർ. മീരയുടെ ആരാച്ചാർ എന്ന നോവലിന്റെ രചനാപരമായ സവിശേഷതകൾ വ്യക്തമാക്കുക.
14. 'ബുധിനി' എന്ന നോവലിന്റെ പിറവിക്കു നിമിത്തമായ യഥാർത്ഥ ചരിത്ര സംഭവം എന്ത്?
15. കേസരിയുടെ കഥാഖ്യാനത്തിലെ സാമാന്യസവിശേഷതകൾ പരിചയപ്പെടുത്തുക.
16. കാരൂരിന്റെ കഥാപാത്രസൃഷ്ടിയിലുള്ള വൈഭവം പൂവമ്പഴംഎന്ന കഥയിലെ അന്തർജനത്തെ മുൻനിർത്തി പരിശോധിക്കുക.
17. സ്ത്രീപക്ഷ രചനകളുടെ പൊതുസ്വഭാവം വ്യക്തമാക്കുക.
18. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥാഖ്യാനത്തിന്റെ സവിശേഷതകൾ പ്രതിപാദിക്കുക.

**(5×6=30)**

## SECTION C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. "പുലയരുടെ ജീവിതരീതിയും സംസ്കാരവും സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുള്ള നോവലാണ് 'ചാവുതുള്ളൽ'." - വിലയിരുത്തുക.

20. പ്രഹസനത്തിന്റെയും കൂത്തിന്റെയും തുള്ളലിന്റെയും അന്തരീക്ഷവും സറ്റയറിന്റെയും പാരഡിയുടെയും ആഖ്യാനതന്ത്രവും കാരിക്കേച്ചറിന്റെയും പൊളിറ്റിക്കൽ കാർട്ടൂണിന്റെയും രൂപവിദ്യയും സംയോജിക്കുന്നതാണ് വി.കെ.എന്നിന്റെ ഓരോ നോവലും. ആരോഹണത്തെ മുൻനിർത്തി വിലയിരുത്തുക.

21. എം. ടി. കഥകളുടെ സവിശേഷതകളുടെ പശ്ചാത്തലത്തിൽ പള്ളിവാളും കാൽചിലമ്പും എന്ന കഥയെ പരിചയപ്പെടുത്തുക.

22. 'പാത്രസൃഷ്ടി, പ്രമേയം, ഇതിവൃത്തം എന്നിവയിലെല്ലാം വൈദഗ്ധ്യം പ്രകടമാക്കിക്കൊണ്ട് ചന്തുമേനോൻ ഇന്ദുലേഖയിലൂടെ നോവൽ എന്ന നൂതനമായ ഒരു സാഹിത്യരൂപത്തെ കറയറ്റവിധം അവതരിപ്പിക്കുകയും മലയാളനോവൽ സാഹിത്യപ്രസ്ഥാനത്തിന് ശക്തമായ അടിത്തറയിടുകയും ചെയ്തു.' വിലയിരുത്തുക.

**(2×15=30)**